**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4200** **18-07-2022 - ൽ മറുപടിയ്ക്ക്**

**കൈത്തറി വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ കൈത്തറി വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യവികസന സഹായം എന്ന നിലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ കൈത്തറി വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന സഹായത്തിനായി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**<u>പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം</u>**<br><br>പ്രാഥമിക കൈത്തറി സഹകരണ സം ഘങ്ങളിലെ അംഗങ്ങളിൽ നിന്നുമുള്ള ഓഹരി തുകയുടെ (Paid up share Capital) നിശ്ചിത മടങ്ങ് (ജനറൽ വിഭാഗത്തിന് 2 മടങ്ങ്, വനിത വിഭാഗത്തിന് 3 മടങ്ങ്, എസ്.സി/ എസ്.ടി വിഭാഗങ്ങൾ ക്ക് 5 മടങ്ങ്) സർക്കാർ ഓഹരിയായി നിക്ഷേപിക്കുന്നതാണ് സർക്കാർ ഓഹരി പങ്കാളിത്തം. ക്യാപിറ്റൽ ഇൻ വെസ്റ്റ്മെന്റ്/ പ്രവർത്തന മൂലധനം എന്നിവയ്ക്കായി പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത ധന സഹായം തുക ലഭിച്ച് 15 വർഷം കഴിഞ്ഞ് 10 തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്. ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപ ലഭിക്കും.<br><br>**<u>കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സഹായ പദ്ധതി</u>**<br><br>കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും, തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദന യൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് സ്വയം തൊഴിൽ സംരംഭം. ഈ പദ്ധതി പ്രകാരം സ്ഥിര നിക്ഷേപം, |

| | | | |
|---|---|---|---|
| | | | പ്രവർത്തന മൂലധനം, പരിശീലനം, വിപണനം എന്നിവയ്ക്കായി സംരംഭകർക്ക് മാർജിൻമണി ഗ്രാന്റ് നൽകി പുതിയ സംരംഭം ആരംഭിക്കുന്നതിന് സഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം പദ്ധതി ചെലവിന്റെ 40% പരമാവധി 4 ലക്ഷം രൂപ വരെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിന്റെ 30% പരമാവധി 1.50 ലക്ഷം രൂപ വരെയും ധനസഹായമായി അനുവദിക്കുന്നു. സംരംഭകർ 10-ാം ക്ലാസ്സ് പാസ്സായവരും കൈത്തറി നെയ്ത്ത് മേഖലയിൽ പരിചയ സമ്പന്നരുമായിരിക്കണം. കൈത്തറി നെയ്ത്ത് മേഖലയിൽ 10 വർഷത്തിൽ കൂടുതൽ പരിചയമുള്ള വർ, ഹാന്റ്ലൂം അല്ലെങ്കിൽ ടെക്സ്റ്റൈൽ ടെക്നോളജിയിൽ ഡിപ്ലോമ / ഡിഗ്രി ഉള്ള സംരംഭകർക്ക് മുൻഗണന നൽകി വരുന്നു.<br><br>**യുവവീവ്**<br><br>18-40 വയസ് വരെ പ്രായമുള്ളവരും നെയ്ത്തിൽ പരിചയം ലഭിച്ചിട്ടില്ലാത്തതുമായ യുവതീ യുവാക്കളെ കണ്ടെത്തി പരിശീലനവും സ്വന്തമായി തറിയും നൽകി നെയ്ത്തുകാരാക്കുക എന്നതാണ് യുവവീവ് പദ്ധതിയുടെ ലക്ഷ്യം. 6 മാസക്കാലയളവിൽ ആദ്യ 3 മാസം സ്റ്റൈപന്റോടു കൂടി പരിശീലനവും തുട ർന്ന് 3 മാസം സ്റ്റൈപന്റും വേതനവും ചേർത്ത് നൽകുന്ന വിധത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. താൽപര്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണവും ഉറപ്പ് വരുത്തുന്നു.<br><br>**തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും നവീകരിക്കുന്നതിനുമുള്ള സഹായ പദ്ധതി**<br><br>നെയ്ത്തുപകരണങ്ങളായ അച്ച് (റീഡ്), വിഴുത്(ഹീൽസ്) ഓടം (ഷട്ടിൽ) എന്നിവ മാറ്റി സ്ഥാപിക്കുന്നതിനും നവീകരിക്കുന്നതിനും തറി ഒന്നിന് പരമാവധി 10,000/- രൂപ നൽകുന്നു. |
| (ബി) | കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം സർക്കാർ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇത് കൈത്തറി, ഹാന്റക്സ്, ഹാൻവീവ് മേഖലയുടെ മുന്നേറ്റത്തിന് എങ്ങനെയെല്ലാം സഹായകമാകുന്നുണ്ട്; വിശദമാക്കാമോ; | (ബി) | കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കുവേണ്ടി സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്ന 'സർക്കാർ ഓഹരി പങ്കാളിത്തം' (Government Share Participation) എന്ന പദ്ധതി നിലവിലുണ്ട്. സംഘങ്ങളുടെ 'പെയ്ഡ് അപ് ഷെയർ ക്യാപിറ്റലി'ന്റെ 2 മുതൽ 5 മടങ്ങ് വരെ നിലവിൽ സർക്കാർ ഓഹരി പങ്കാളിത്തമായി നൽകുന്നുണ്ട്. പ്രാഥമിക കൈത്തറി സംഘങ്ങൾക്കും, ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. സംഘങ്ങളുടെ ആസ്തികൾ, പ്രവർത്തന മൂലധനം എന്നിവയുടെ ആവശ്യങ്ങൾക്കായി ഈ പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്താവുന്നതാണ്. അപ്രകാരം കൈത്തറി, ഹാന്റക്സ്, ഹാൻവീവ് മേഖലകളുടെ മുന്നേറ്റത്തിന് ഇത് സഹായകരമാവുന്നുണ്ട്. കൈത്തറി സഹകരണ സംഘങ്ങൾ/ ഹാന്റക്സ് / ഹാൻവീവ് എന്നിവയ്ക്കായി യഥാക്രമം 84 ലക്ഷം രൂപ, 225 ലക്ഷം രൂപ, 175 ലക്ഷം രൂപ എന്നിങ്ങനെ ഓഹരി പങ്കാളിത്ത ഇനത്തിൽ ഈ സാമ്പത്തിക വർഷ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഹാന്റക്സിനും ഹാൻവീവിനും ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുമുണ്ട്.<br><br>"സർക്കാർ ഓഹരി പങ്കാളിത്തം" പദ്ധതി ഹാന്റക്സിന്റെയും ഹാൻവീവിന്റെയും പ്രവർത്തന മുന്നേറ്റത്തിന് സഹായകരമാകുന്നുണ്ട്.<br><br>ടി പദ്ധതിയ്ക്കായി മുൻ വർഷങ്ങളിൽ അനുവദിച്ച തുക ഉപയോഗിച്ച് ഹാന്റക്സിന് നവീന ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുവാനും പെരിന്തൽമണ്ണ ഷോറൂം നവീകരിക്കുവാനും സാധിച്ചിട്ടുണ്ട്.<br><br>ഈ സാമ്പത്തിക വർഷം സർക്കാർ ഓഹരി പങ്കാളിത്തം പദ്ധതിയിൻ കീഴിൽ ഹാൻവീവിന് ഭരണാനുമതി ലഭിച്ച തുക ഉപയോഗിച്ച് ഹാൻവീവിൽ കമ്പ്യൂട്ടറൈസേഷൻ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് ഹാൻവീവിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കും. |
| (സി) | ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം സഹായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്; | (സി) | ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനായി യാൺ ബാങ്കുകൾക്ക് മാർജിൻ മണി വായ്പ നൽകി വരുന്നു. കൈത്തറി നെയ്ത്ത് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി യാൺ ബാങ്കുകൾ ക്കും മറ്റു പ്രാഥമിക നെയ്ത്തു സഹകരണ സംഘങ്ങൾക്കും അംഗീകൃത മാനദണ്ഡ പ്രകാരം യാൺ സബ്സിഡി, ഡൈസ് ആന്റ് കെമിക്കൽ സബ്സിഡി എന്നിവയും നൽകിവരുന്നു. കൈത്തറി മേഖലയിലെ പ്രധാന അസംസ്കൃത വസ്തുവായ കോട്ടൺ ലഭ്യമാക്കുന്നതിന് നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി) സഹായത്താൽ കോട്ടൺ സംഭരണത്തിനായി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഹാന്റ്ലൂം സുരക്ഷാ സ്കീം പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ? | (ഡി) | 5000 തറികൾ ഉൾപ്പെടുത്തി ഗുണനിലവാരമുള്ള പരമ്പരാഗത ഉല്പന്നങ്ങളുടെ ഉല്പാദനം, ശേഖരണം, വിപണനം എന്നിവ മെച്ചപ്പെടുത്തുക, അസംസ്കൃത വസ്തുക്കൾ നെയ്ത്തുകാർക്ക് മുൻകൂട്ടി നൽകി |

| | | | |
|---|---|---|---|
| | | | ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് ഉപഭോക്താക്കൾക്ക് നൽകുക, അതിലൂടെ നെയ്ത്തുകാർക്ക് മെച്ചപ്പെട്ട കൂലി നൽകുക എന്നതാണ് കൈത്തറി സുരക്ഷാ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യ മിടുന്നത്. കൂടാതെ പുതിയ ബ്രാൻഡുക ളിൽ പ്രീമിയം ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക, പുതിയ ഡിസൈനുകൾ അവതരിപ്പിക്കുക, ജ്യോഗ്രഫിക്കൽ ഇൻഡക്സ് ടാഗ് ലഭിച്ചിട്ടുള്ള പരമ്പരാഗത കൈത്തറി ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക, യുവ തലമുറ ഉപഭോക്താക്കൾക്ക് വേണ്ടി സിൽക്ക്, ലിനൻ, ജൂട്ട് മുതലായവ ഉപയോഗിച്ചുള്ള വസ്ത്രങ്ങൾ ഉല്പാദിപ്പിക്കുക എന്നിവയും കൈത്തറി സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ പെടുന്നു. പ്രീമിയം തുണിത്തരങ്ങളുടെ ഉല്പാദനത്തിലൂടെ നെയ്ത്തുകാർക്ക് ഉയർന്ന വേതനം ഉറപ്പാക്കുന്നതിനോടൊപ്പം ഏറ്റവും ഗുണമേന്മയുള്ള കൈത്തറി ഉല്പന്നങ്ങൾ<br>ഉപഭോക്താക്കളിലെത്തിക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ